# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4589 13.11.2019-ലെ മറുപടി

### അങ്കമാലി, ഇറവൂർ, മഞ്ഞപ്ര,മലയാറ്റൂർ-അയ്യംമ്പുഴ എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | 22.03.2018-ന് ജലവിഭവ വകുപ്പ് ഭരണാനുമതിയും 12.11.2018-ന് കിഫ്ബിയുടെ അംഗീകാരവും ലഭിച്ച അങ്കമാലി മുൻസിപ്പാലിറ്റി, ഇറവൂർ, മഞ്ഞപ്ര തുടങ്ങിയ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാനായി ആവിഷ്കരിച്ച 73.35 കോടിയുടെയും മലയാറ്റൂർ, അയ്യംമ്പുഴ പഞ്ചായത്തുകൾക്കായി ആവിഷ്കരിച്ച 42.58 കോടിയുടെയും പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | എ) | അങ്കമാലി മുൻസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ മഞ്ഞപ്ര, തുറവൂർ. പഞ്ചായത്തുകൾക്കുളള കുടിവെള്ള പദ്ധതി ഭാഗം 1 ആയ പദ്ധതിയ്ക്ക് 73.35 കോടി രൂപ അനുവദിച്ചിട്ടുള്ളതും അയ്യമ്പുഴ മലയാറ്റൂർ നീലേശ്വരം എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി ഭാഗം II ആയ പദ്ധതിയ്ക്ക് 42.58 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതി 2 പാക്കേജുകളായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. പാക്കേജ് 1-ൽ അങ്കമാലി മുനിസിപ്പാലിറ്റിക്കും തുറവൂർ മഞ്ഞപ്ര പഞ്ചായത്തുകൾക്കുമായി വെൽ കം പമ്പ് ഹൗസ്. റോ വാട്ടർ പമ്പിംഗ് മെയിൻ, 17 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റ്, ഉന്നതല ജല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നീ ഘടകങ്ങളും പാക്കേജ് 2-ൽ മലയാറ്റൂർ, അയ്യമ്പുഴ പഞ്ചായത്തുകൾക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, ജല സംഭരണികൾ എന്നിവ ഉൾപ്പെടുത്തിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിക്ക് സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. |
| ബി) | ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭിച്ചിട്ടും പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | ബി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുന്ന ജലസംഭരണികൾ സ്ഥാപിക്കുന്നതിനുളള സ്ഥലം ലഭ്യമാകാ ത്തതിനാലു പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായ പി.ഡബ്ല്യു.ഡി, വനം എന്നീ വകുപ്പുകളിൽ നിന്നും അനുമത ലഭിക്കാത്തതിനാലും ആണ് പദ്ധതി തുടങ്ങാൻ താമസ നേരിടുന്നത്. പദ്ധതിയുടെ ഉറവിടം സംബന്ധിച്ച് സ്ഥല എം.എൽ.എ (അങ്കമാലി),കാഞ്ഞൂർ മേഖല ഉൾപ്പെടുന്ന ആലുവ നിയോജക മണ്ഡലം എം.എൽ.എ എന്നിവരുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം എടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| സി) | മലയാറ്റൂർ-അയ്യംമ്പുഴ പഞ്ചായത്തുകളിലെ പദ്ധതി നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. മലയാറ്റൂർ-അയ്യംമ്പുഴ പഞ്ചായത്തുകളിലെ പദ്ധതി നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. പദ്ധതിയുടെ പ്രധാന പൈപ്പ് ലൈനുകൾ കടന്നു പോകുന്നത് വനഭൂമി യിലെ റോഡിലൂടെ ആയതിനാൽ ഈ ആവശ്യ ത്തിനു വേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വനഭൂമിയിൽ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമായെങ്കിൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ. അതിനായി 28/10/2019 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്റ്റ് ഡിവിഷൻ, പെരുമ്പാവൂർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത അപേക്ഷയിൽ അനുമതി ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | ഡി) | പ്രസ്തുത അനുമതിക്കുള്ള അപേക്ഷ 28/10/2019 ൽ ഓൺലൈനിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് കളക്ടേറ്റിലേക്കും വനം വകുപ്പ് ഓഫീസു കളിലേക്കും എത്തിച്ചിട്ടുള്ളതാണ്. |
| ഇ) | മലയോര പഞ്ചായത്തുകളായ അയ്യംമ്പുഴ, മലയാറ്റൂർ തുടങ്ങിയ പ്രദേശങ്ങളിൽ നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | ഇ) | അയ്യമ്പുഴ, മലയാറ്റൂർ നീലീശ്വരം തുടങ്ങിയ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതി നുള്ള നടപടി പുരോഗമിച്ചു വരുന്നു. സ്ഥലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധി ക്കുകയുള്ളൂ.<br>പദ്ധതിയുടെ പ്രധാന പൈപ്പ് ലൈനുകൾ കടന്നു പോകുന്നത് വനഭൂമിയിലായതിനാൽ ഈ ആവശ്യത്തിനുവേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വനഭൂമിയിൽ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമായെങ്കിൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ വനഭൂമിയിൽ നിർമ്മാണം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി ഇന്റർ ഡിപാർട്ട്മെന്റ് തലത്തിൽ യോഗം നടത്തുന്നതാണ്. |
| എഫ്) | അയ്യംമ്പുഴ പഞ്ചായത്തിന്റെ അധിനതയിലുള്ള 10 സെന്റ് സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറി കിട്ടിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കാമോ? | എഫ്) | അയ്യംമ്പുഴ പഞ്ചായത്തിന്റെ അധീനതയിലുള്ള 10 സെന്റ് സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറി കിട്ടിയിട്ടില്ല. അയ്യംമ്പുഴ പഞ്ചായത്തിലെ ഉപരിതല സംഭരണിക്കായുള്ള പ്രസ്തുത സ്ഥലം റവന്യൂ അധികൃതർ പരിശോധിച്ച് സർവേ നടത്തി അളന്നു തിട്ടപ്പെടുത്തി നല്കേണ്ടതാണ്. സർവേ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും സ്ഥലം കൈമാറിയിട്ടില്ല. സ്ഥലം ലഭ്യമാക്കുന്ന മുറക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |

Renuka SanKar
സെക്ഷൻ ഓഫീസർ